(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കനാലിന്റെ വാലറ്റംവരെ വെള്ളം എത്തിക്കുവാനും അറ്റകുറ്റപ്പണികൾ ഉറപ്പുവരുത്തുവാനുമുള്ള പ്രൊപ്പോസലുകൾ ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-I-ന്റെ ഓഫീസിൽ പുരോഗമിച്ചുവരുന്നു. നിലവിൽ 20 ശതമാനത്തോളം കനാലുകൾ ലൈനിംഗ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള നീർപാലങ്ങളുടെ പുനരുദ്ധാരണത്തിനായി 84.31 കോടി രൂപയുടെ പ്രൊപ്പോസൽ Accelerated Irrigation benefit programme (AIBP)-ൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ അഴിയൂർ ബ്രാഞ്ച് കനാലിന്റെ ചെ.0/500 കിലോമീറ്ററിനും 7/200 കിലോമീറ്ററിനും ഇടയിലുള്ള വള്ളിക്കാട് അക്വഡക്ടിന്റെ പുനർനിർമ്മാണത്തിനായി 5.50 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ, പ്രോജക്ട്-I-ന്റെ ഓഫീസിൽ പുർത്തീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിൽനിന്ന് സമർപ്പിച്ച മൈനർ ഇറിഗേഷൻ പദ്ധതികൾ

182 (874) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തിൽ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിലേക്കായി കാസർഗോഡ് ജില്ലയിൽനിന്ന് മൈനർ ഇറിഗേഷൻ വകുപ്പ് എത്ര പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇല്ലെങ്കിൽ മേൽ പദ്ധതികൾക്ക് എന്ന് ഭരണാനുമതി നൽകും എന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഇക്കാര്യത്തിൽ പ്രയോറിറ്റി ലിസ്റ്റ് നിലവിലില്ല. അറ്റകുറ്റപ്പണികൾക്കായി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സമർപ്പിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് ഭരണാനുമതി നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly